


# ദുരന്തങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത്....

**ദുബൈ–മംഗലാപുരം** എയർ ഇന്ത്യ എക്സ്പ്രസ് വിമാന അപകടത്തിന്റെ ആഘാതത്തിൽനിന്ന് ഇനിയും നാം മുക്തരായിട്ടില്ല. നടുക്കുന്ന അനുഭവമായി ദീർഘനാൾ അത് ഓർമയിൽ നിലനിൽക്കും. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ദൈവം തമ്പുരാനോട് പ്രാർഥിക്കുകയും മനുഷ്യ സാധ്യമായ നടപടികളെടുക്കുകയും ചെയ്യുമ്പോഴും നാമറിയുന്നു, ഒരിക്കലും വിചാരിക്കാത്ത രൂപത്തിൽ അടുത്തോ അകലെയോ മറ്റൊരു ദുരന്തത്തിന് കാതോർക്കേണ്ടി വരുമെന്ന്. കാരണം ഇത് ഭൂമിയാണ്. അനിശ്ചിതത്വമാണ് ഇവിടത്തെ സ്ഥായിയായ ഭാവം. അപകടങ്ങളും പ്രകൃതി വിപത്തുകളും ധനഫല നഷ്ടങ്ങളുമെല്ലാം ഈ ഭൂമിജീവിതത്തിന്റെ അനിവാര്യതകളാണ്. അല്ലാഹു പറയുന്നു: "ഭയം കൊണ്ടും വിശപ്പുകൊണ്ടും ധനത്തിലും ജീവനിലും ഫലങ്ങളിലുമുണ്ടാകുന്ന നഷ്ടം കൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുകതന്നെ ചെയ്യും. അത്തരം ഘട്ടങ്ങളിൽ ക്ഷമ കൈക്കൊള്ളുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക."

എന്തായാലും വിശ്വാസികളുടെ പ്രതികരണം ക്ഷമാപൂർവമായിരിക്കും. അല്ലാഹു പറയുന്നു: "ക്ഷമാലുക്കൾക്ക് സന്തോഷ വാർത്ത അറിയിക്കുക. ആപത്തുകൾ നേരിടുമ്പോൾ ഞങ്ങൾ അല്ലാഹുവിന്റേതാണ്, അവങ്കലേക്ക് മടക്കപ്പെടുകയും ചെയ്യുമെന്ന് പറയുന്നവരാണവർ. അവരുടെമേൽ അവരുടെ രക്ഷിതാവിന്റെ രക്ഷയും കാരുണ്യവുമുണ്ടാകും. അവരത്രെ സന്മാർഗം പ്രാപിച്ചവർ."

ഏതു പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും പോസിറ്റീവ് ആയിട്ടാണ് വിശ്വാസികൾ സമീപിക്കുക. നബി(സ) അരുളുന്നു: "സത്യവിശ്വാസിയുടെ കാര്യം അത്ഭുതാവഹം തന്നെ. അവന്റെ എല്ലാ കാര്യങ്ങളും ഗുണകരമാണ്. അവനെന്തെങ്കിലും ഗുണം ഭവിച്ചാൽ അവൻ അല്ലാഹുവിനെ സ്തുതിക്കുന്നു. അതവന് ഗുണകരമാവും. വല്ല വിപത്തും നേരിട്ടാൽ ക്ഷമിക്കുന്നു. അതുമവന് ഗുണകരമാവുന്നു" (മുസ്‌ലിം).

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറഞ്ഞു: "അല്ലാഹുവിലേക്ക് തിരിയാൻ നിന്നെ പ്രേരിപ്പിക്കുന്ന വിപത്താണ് ദൈവസ്മരണയിൽനിന്ന് നിന്നെ തെറ്റിക്കുന്ന അനുഗ്രഹത്തേക്കാൾ ഉത്തമം."

മംഗലാപുരം വിമാന ദുരന്തം

## മരണമടഞ്ഞവരുടെ വീടുകൾ ജമാഅത്ത് നേതാക്കൾ സന്ദർശിച്ചു

മംഗലാപുരം ബജ്പെ വിമാനാപകടത്തിൽ മരിച്ചവരുടെ ബന്ധുക്കളെ ജമാഅത്തെ ഇസ്‌ലാമി കർണാടക & ഗോവ അമീർ അബ്ദുല്ല ജാവേദ് സന്ദർശിച്ചു. ജമാഅത്തെ ഇസ്‌ലാമി കർണാടക തീരദേശ മേഖലാ ഓർഗനൈസർ യു. അബ്ദുസ്സലാം, മംഗലാപുരം ഘടകം പ്രസിഡന്റ് കെ.എം അശ്റഫ് എന്നിവർ അദ്ദേഹത്തെ അനുഗമിച്ചു. ജെപ്പു, മംഗൾദേവി, കോട്ടേപുര, ഉള്ളാൾ, ഉടുപ്പി, ബട്കൽ തുടങ്ങിയ പ്രദേശങ്ങളിൽ ഉറ്റവർ നഷ്ടപ്പെട്ട കുടുംബങ്ങളെയും അവർ സന്ദർശിച്ചു.

ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി, ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി, സെക്രട്ടറി ടി.കെ ഹുസൈൻ, സോളിഡാരിറ്റി പ്രസിഡന്റ് പി. മുജീബുർറഹ്മാൻ, സെക്രട്ടറി കെ.കെ ബഷീർ, എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി.എം സാലിഹ്, ജമാഅത്തെ ഇസ്‌ലാമി കാസർകോട് ജില്ലാ പ്രസിഡന്റ് അബൂബക്കർ നദ്‌വി, വൈസ് പ്രസിഡന്റ് നാസർ ചെറുകര തുടങ്ങിയവരും മംഗലാപുരം വിമാനദുരന്തത്തിൽ മരണമടഞ്ഞവരുടെ വീടുകൾ സന്ദർശിച്ചു.

ഹസനുൽ ബസ്വരി (റ) പറയുന്നു: "പരീക്ഷണങ്ങളെയും പ്രതിസന്ധികളെയും നിങ്ങൾ വെറുക്കരുത്. കാരണം ഒരുപക്ഷേ നിന്റെ രക്ഷ നീ വെറുക്കുന്ന കാര്യത്തിലായേക്കും. നിന്റെ നാശമാകട്ടെ നീ ഇഷ്ടപ്പെടുന്ന കാര്യത്തിലും."

മനുഷ്യന്റെ അഹങ്കാരവും അഹന്തയും തനിക്കു താൻ പോന്നവനെന്ന നാട്യങ്ങളുമാണ് ദുരന്തങ്ങളിലും അപകടങ്ങളിലും ആദ്യം തകർന്നുവീഴുന്നത്. ഭൂമി തന്റെ കാൽക്കീഴിലാണെന്നും ആകാശം താനാണ് താങ്ങി നിർത്തുന്നതെന്നും നിഗളിക്കുന്ന മനുഷ്യൻ സ്വന്തം ഭാവിയുടെയും ഭാഗധേയത്തിന്റെയും ജീവന്റെയും കാര്യത്തിൽ പോലും തനിക്കൊരു പങ്കുമില്ലെന്ന് തിരിച്ചറിയുന്ന അപൂർവ സന്ദർഭങ്ങളാണവ. തന്റെ മൂക്കിന്റെ മുമ്പിൽ കൈയെത്തും ദൂരത്തുള്ള അപകടങ്ങളെ തിരിച്ചറിയാനോ രക്ഷാ നടപടികളെടുക്കാനോ മനുഷ്യന് കഴിയുന്നില്ല. എന്നല്ല ആരുടെയൊക്കെ കൈയും കാലും പിടിച്ച് എത്ര ഓടിക്കിതച്ചാണവൻ മരണത്തിലേക്കുള്ള ടിക്കറ്റ് 'കൺഫേം' ചെയ്യുന്നത്. കാത്തിരിക്കുന്ന അപകടങ്ങളെക്കുറിച്ച് വല്ല ധാരണയുമുണ്ടായിരുന്നെങ്കിൽ അവനത് ചെയ്യുമായിരുന്നില്ലല്ലോ. "അറിയുക, അദൃശ്യങ്ങളുടെ താക്കോൽ അവന്റെ (അല്ലാഹുവിന്റെ) കൈയിലത്രെ. അവനല്ലാതെ അതറിയില്ല." "(തിരുദൂതരെ) പറയുക. എനിക്ക് അദൃശ്യങ്ങൾ അറിയാമായിരുന്നുവെങ്കിൽ ധാരാളം നന്മകൾ വാരിക്കൂട്ടാൻ കഴിയുമായിരുന്നു. ഒരാപത്തും എന്നെ ബാധിക്കുകയുമില്ല."

ഓരോരുത്തരുടെയും മരണത്തിന്റെ സ്ഥലവും സമയവും സ്വഭാവവും നിർണിതവും അലംഘനീയവുമാണെന്നും അതിന് അണുവിട വ്യത്യാസമുണ്ടാവുകയുമില്ലെന്നുമാണ് ഇത്തരം അപകടങ്ങളുടെ മറ്റൊരു പാഠം. തികച്ചും ആകസ്മികവും യാദൃശ്ചികവുമെന്ന് നമുക്ക് തോന്നുമെങ്കിലും, അല്ലാഹുവിന്റെ 'കിതാബിൽ' അവ 'വെൽ പ്ലാൻഡ്' ആണ്. നേരത്തെ പോകാൻ നിശ്ചയിച്ചവരും മറ്റൊരു വിമാനത്തിൽ യാത്ര ചെയ്യാൻ തീരുമാനിച്ചവരുമൊക്കെ അപകടത്തിൽ പെട്ട വിമാനത്തിലേക്ക് 'നയിക്കപ്പെടുക'യായിരുന്നു. മരണം മാടിവിളിക്കുകയെന്ന് കേട്ടിട്ടില്ലേ. അതുതന്നെ. കാരണം

മംഗലാപുരം എയർപോർട്ടിൽ വിമാനപകടം മൂലം മരിക്കേണ്ടവർ അവിടെ ചെന്ന് ചേർന്നല്ലേ മതിയാകൂ. "നാളെ എന്തു സംഭവിക്കുമെന്നോ എവിടെ വെച്ച് മരിക്കുമെന്നോ ആർക്കുമറിയില്ല." "അവരുടെ അവധി എത്തിക്കഴിഞ്ഞാൽ പിന്നീട് അൽപവും പിന്തിക്കപ്പെടുകയോ മുന്തിക്കപ്പെടുകയോ ഇല്ല."

മറ്റു പല അപകടങ്ങളിലുമെന്ന പോലെ ഈ അപകടത്തിലും നമ്മെ അത്ഭുതപ്പെടുത്തുന്നത് മരണപ്പെട്ടവരല്ല, മരിക്കാതെ രക്ഷപ്പെട്ടവരാണ്. കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഇത്രയും ഭീകരമായ അപകടത്തിൽനിന്ന് രക്ഷപ്പെടാനുള്ള പഴുതുകൾ വളരെ കുറവാണ്. പക്ഷേ, അവരുടെ ആയുസ്സിന്റെ പുസ്തകത്തിൽ പേജുകൾ ഇനിയും ബാക്കിയുണ്ട്. അവർ മരിക്കേണ്ട സ്ഥലം മംഗലാപുരവുമല്ല. അതിനാൽ അപകടത്തിൽനിന്ന് അവർ രക്ഷപ്പെട്ടേ മതിയാകൂ. അതാണ് ദൈവ നിശ്ചയം.

അപകടത്തിൽ പെട്ട വിമാനത്തിൽ യാത്ര ചെയ്യാൻ തീരുമാനിക്കുകയും അതിനുള്ള എല്ലാ ഒരുക്കങ്ങൾ നടത്തുകയും ചെയ്തിട്ടും കഴിയാതെ വന്നവരും ധാരാളമുണ്ട്. 140 സ്പീഡിൽ വാഹനമോടിച്ചിട്ടും ഒരു കുടുംബത്തിന് കൃത്യസമയത്ത് എയർപോർട്ടിലെത്താൻ കഴിഞ്ഞില്ല. അതുകൊണ്ടവർ അപകടത്തിൽനിന്ന് രക്ഷപ്പെട്ടു. മറ്റൊരു വ്യക്തി അപകടത്തിൽനിന്ന് രക്ഷപ്പെട്ടത് വിമാന സമയത്തിലുണ്ടായ 'തെറ്റിദ്ധാരണ' മൂലമാണ്. കഴിഞ്ഞ ഇരുപത് വർഷത്തിലധികമായി ഫ്ളൈറ്റ് യാത്ര നടത്തിക്കൊണ്ടിരിക്കുന്ന ആ സ്ത്രീക്ക് ഇത്തരമൊരബദ്ധം പറ്റുന്നത് ആദ്യമായിട്ടാണത്രെ. അഭൗതികമായ ഇടപെടൽ എന്നല്ലാതെ ഇതിനെക്കുറിച്ചൊക്കെ എന്താണ് പറയാൻ കഴിയുക.

ഗൾഫുകാരുടെ പതിവ് രീതിയനുസരിച്ച്, ജീവിതത്തിലെ അത്യാവശ്യ സൗകര്യങ്ങൾ പോലും അനുഭവിക്കാതെ സമ്പാദ്യം റിട്ടയർമെന്റ് ജീവിതത്തിന് വേണ്ടി ബാക്കിവെച്ച പലരും അപകടത്തിൽ മരിച്ചവരുടെ കൂട്ടത്തിൽ ഉണ്ടാകാനിടയുണ്ട്. മെഴുകുതിരി പോലെ ഉരുകിത്തീരുന്ന പ്രവാസ ജീവിതം മതിയാക്കി നാട്ടിൽ ഭാര്യയോടും മക്കളോടുമൊപ്പമുള്ള ഒരു സുഖജീവിതം സ്വപ്നം കണ്ടവരും സാധ്യമായ രൂപത്തിൽ ഒരുക്കൂട്ടി വെച്ചവരുമാണവർ. പക്ഷേ എല്ലാം ഒരുപിടി ചാരമായി മണ്ണടിഞ്ഞു. എല്ലാ മരണത്തിലുമെന്ന പോലെ ഇവിടെയും ആഗ്രഹങ്ങളും അഭിലാഷങ്ങളും ബാക്കിയാക്കിക്കൊണ്ടാണ് അവർ യാത്രയായത്. ഇനിയവർക്ക് തുണ അവരുടെ സദ്കർമങ്ങൾ മാത്രം; നമ്മുടെ പ്രാർഥനകളും. അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുകയും പരലോകത്ത് സ്വർഗം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ– ആമീൻ. ■